# യോജിപ്പാണ് നല്ല മാർഗം

**യാക്കോബായ വിഭാഗത്തിലെ സീനിയർ വൈദികനായ കല്ലൂപ്പറമ്പിൽ ബഹു. വി. എം. ഗീവർഗീസ് അച്ചനുമായി 'ജോർജിയൻ മിറർ' കോട്ടയം കറസ്പോണ്ടന്റ് വിപിൻ കെ. വർഗീസ് 2011 മാർച്ച് 14-നു നടത്തിയ അഭിമുഖം.**

**(1) 1958-ലെ സഭാസമാധാനപ്രക്രിയ എങ്ങനെയായിരുന്നു?**

1956-ലെ തിരു-കൊച്ചി ഹൈക്കോടതി വിധി പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായിരുന്നു. പൗലോസ് മാർ അത്താനാസിയോസ് (ആലുവായിലെ വലിയ തിരുമേനി) 1953ൽ കാലംചെയ്തു. വൈദികട്രസ്റ്റി 1948ൽ അന്തരിച്ചിരുന്നു. അതുകൊണ്ട് 1957 ജൂൺ 21ന് മണർകാട് പള്ളിയിൽ കൂടിയ അസോസിയേഷനിൽ ഒഴിഞ്ഞുകിടന്ന പാത്രിയർക്കീസ് കക്ഷിയുടെ മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്കും വൈദികട്രസ്റ്റിസ്ഥാനത്തേക്കും തെരഞ്ഞെടുപ്പു നടത്തി. ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായും ഞാനും ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എന്റെ അസാന്നിദ്ധ്യത്തിലാണ് എന്നെ തെരഞ്ഞെടുത്തത്. "ഒരു വർഷത്തേക്ക് മാത്രം; ആ കാലത്ത് സഭയിൽ സമാധാനമുണ്ടാക്കാൻ ശ്രമിക്കും; ശ്രമം പരാജയപ്പെട്ടാൽ രാജിവയ്ക്കും" എന്ന വ്യവസ്ഥയിൽ വൈദികട്രസ്റ്റിസ്ഥാനമേൽക്കാൻ സമ്മതിച്ചു. വൈകാതെ സമാധാന ആലോചനകൾ ആരംഭിച്ചു. ഏബ്രഹാം മാർ ക്ലീമീസ്, പാലമ്പടം ഡോ. പി.ടി. തോമസ് എന്നിവർ ബാവാകക്ഷിയെയും മാത്യൂസ് മാർ അത്താനാസിയോസ്, അഡ്വ. കെ. ചെറിയാൻ എന്നിവർ മെത്രാൻകക്ഷിയെയും പ്രതിനിധീകരിച്ചു. വ്യവസ്ഥകൾ ഉണ്ടാക്കിയാലും ഏതെങ്കിലും ഒരു വ്യവസ്ഥയിൽ തട്ടി തകർന്നു പോകുന്നതായിരുന്നു മുൻകാല ചരിത്രം. മെത്രാൻകക്ഷി മെത്രാന്മാരെ സ്വീകരിക്കുന്നത് ഏതു വിധത്തിൽ വേണമെന്നുള്ളതായിരുന്നു ബാവാ കക്ഷിയുടെ പ്രധാന പ്രശ്നം. ഏതായാലും പുതിയ സമാധാന വ്യവസ്ഥകൾ പൊതുവെ സ്വീകാര്യമായി.

ചർച്ചകൾ നടന്നുകൊണ്ടിരിക്കെ തന്നെ 1958 സെപ്റ്റംബർ 12 ന് സുപ്രീം കോടതിവിധി വന്നു. സമാധാനപ്രക്രീയകൾ ത്വരിതപ്പെടുകയും ഡിസംബർ 16-ന് കോട്ടയം പഴയസെമിനാരിയിൽ പരസ്പരം സ്വീകരിച്ച് മലങ്കര സഭ ഒന്നായിത്തീരുകയും ചെയ്തു.

ചായ സൽക്കാരം കഴിഞ്ഞ് മദ്ബഹായിൽ പ്രവേശിച്ച് പ്രാർത്ഥനക്കുശേഷം സ്വീകരണ കൽപനകൾ പരസ്പരം കൈമാറിയാണ് സ്വീക്കിച്ചത്. കാതോലിക്കാ ബാവായുടെ കൽപനയിലെ "ഭരണഘടനയ്ക്കു വിധേയമായി സ്വീകരിക്കുന്നു" എന്ന വ്യവസ്ഥ എതിർപ്പിന് ഇടയാക്കി. വീണ്ടും ചർച്ചകൾ നടന്നു. ആ സമയത്ത് വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി "ഭരണഘടനയ്ക്കു വിധേയമായി എന്നെഴുതിയാൽ എന്താ കുഴപ്പം?" എന്നു ചോദിച്ചു. "തലേദിവസത്തെ ചർച്ചയിലുണ്ടാക്കിയ വ്യവസ്ഥയിലുള്ളതല്ല" എന്നു പറഞ്ഞപ്പോൾ "ആ കാരണത്താൽ തള്ളിക്കളയരുത്. നമുക്കോ ഭരണഘടനയില്ല അതുകൊണ്ട് അതു കൂടി ഇരുന്നോട്ടെ, കുഴപ്പമില്ല" എന്നു പറഞ്ഞു. അങ്ങനെ 1958ൽ സമാധാനമായി, പ്രശ്നങ്ങൾ അവസാനിച്ചു.

**(2) 1958 ലെ സമാധാനത്തോടുള്ള അന്നത്തെ ജനകീയ പ്രതികരണം എങ്ങനെയായിരുന്നു?**

അന്നും ഇന്നും 99.9 % പേരും സമാധാനത്തിനു വേണ്ടി നിൽക്കുന്നവരാണ്. ശേഷിച്ച 0.1% പേരാണ് കോലാഹലമുണ്ടാക്കുന്നത്. അവർ സഭയ്ക്കുവേണ്ടിയല്ല, അവരുടെ താൽപര്യത്തിനുവേണ്ടി നിൽക്കുന്നവരാണ്.

**(3) 1958ലെ സഭാസമാധാനത്തിന് അന്നത്തെ പാത്രിയർക്കീസ് പക്ഷത്തെ സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാം?**

പരിശുദ്ധ പാത്രിയർക്കീസ് ബാവായും പരിശുദ്ധ കാതോലിക്കാ ബാവായും സഭയെ

സ്നേഹിക്കുന്നവരായിരുന്നു. അതുകൊണ്ട് അവർ സമാധാനത്തിനു വേണ്ടി ആത്മാർത്ഥമായി നിലകൊണ്ടു. "തലയിൽ കൈവച്ചല്ല, കാലുവച്ചു പ്രാർത്ഥിക്കുന്നതിനും സമ്മതമാണ്, എങ്ങനെയും സമാധാനമുണ്ടായാൽ മതി" എന്നായിരുന്നു കാതോലിക്കാ ബാവായുടെ നിലപാട്. പാത്രിയർക്കീസ് ബാവാ "മറുഭാഗത്തിന്റെ അഭിമാനത്തിന് കോട്ടം തട്ടാതെ ഏതുവിധത്തിലും സമാധാനമുണ്ടാകണം" എന്ന നിലപാടുകാരനായിരുന്നു. യാതൊരു വ്യവസ്ഥയുമില്ലാതെ അദ്ദേഹം മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ കാതോലിക്കോസായി അംഗീകരിച്ച് പ്രശ്നം അവസാനിപ്പിച്ചു. അന്ന് പാത്രിയർക്കീസ് ബാവായും കാതോലിക്കാ ബാവായും പറഞ്ഞാൽ കൂടെയുള്ളവർ അനുസരിക്കുമായിരുന്നു. ഇന്ന് അങ്ങനെയുള്ള സഭാനേതൃത്വം ഇല്ലാത്തതാണ് കുഴപ്പം. പരിശുദ്ധ യാക്കോബ് തൃതീയൻ ബാവായുടെ അനാരോഗ്യവും പരിശുദ്ധ ഔഗേൻ ബാവായുടെ പ്രായാധിക്യവുമാണ് പിന്നീട് പ്രശ്നമുണ്ടാക്കിയത്. ഈ ദുർബല ഘട്ടത്തിൽ അവരെ തെറ്റിദ്ധരിപ്പിക്കാൻ എളുപ്പമായിരുന്നു. നേതൃനിരയിലുള്ള വ്യക്തികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസവും പ്രശ്നം വർദ്ധിപ്പിച്ചു.

**(4) "ഭരണഘടന പ്രകാരം സ്വീകരിച്ചിരിക്കുന്നു" എന്ന് കൽപനയിൽ എഴുതിയത് പാത്രിയർക്കീസ് വിഭാഗം അംഗീകരിച്ചിരുന്നില്ല എന്നു പറയുന്നത് ശരിയാണോ?**

ശരിയല്ല; പാത്രിയർക്കീസ് കക്ഷിയിലെ ഉന്നത നേതൃത്വം അത് അംഗീകരിച്ചതാണ്.

**(5) 1934-ലെ ഭരണഘടന പൂർണ മനസോടെ ബാവാ കക്ഷി സ്വീകരിച്ചെന്ന് പറയാനാവുമോ?**

തീർച്ചയായും. മെത്രാച്ചന്മാരെല്ലാം സമ്മതിച്ചതാണ്. ഇതൊരു ഭിന്നതയ്ക്ക് പിന്നീട് വിഷയമാക്കുന്നതാണ്. വയലിപ്പറമ്പിൽ തിരുമേനിയാണ് ആദ്യം ഉറച്ചു നിന്നത്. "നമുക്കോ ഇല്ല. ഒരു ഭരണഘടനയില്ലാതെ നമുക്ക് മുമ്പോട്ടു പോകാനാകുകയില്ല. അവർക്കുള്ളത് നല്ലത്. അത്രയും ഭാരം ഒഴിഞ്ഞെന്നു വിചാരിച്ചാൽ മതി." മറ്റു തിരുമേനിമാരും അക്കര സി.ജെ. കുര്യൻ (ജൂണിയർ), പാലാമ്പടം ഡോ. പി.ടി. തോമസ് തുടങ്ങിയ അത്മായ നേതാക്കന്മാരും അതിനെ പിന്തുണച്ചു. ഭരണഘടന സ്വീകരിച്ചതായി കോടതിയിൽ എഴുതി കൊടുക്കുകയും ചെയ്തതാണ്. ബാവാ കക്ഷിയെക്കൊണ്ട് ഭരണഘടന അംഗീകരിപ്പിച്ചത് വഞ്ചനയിലൂടെയാണെന്ന് പറയുന്നതിൽ അർത്ഥമില്ല.

**(6) 1970-കളിലെ ഭിന്നിപ്പിനുള്ള കാരണമെന്ത്?**

സഭയെ മറന്ന് വ്യക്തികളെ പൂജിക്കുന്ന ചില ആളുകളുടെ പ്രവർത്തനങ്ങളാണ് കാരണം. സഭയുടെ അടിസ്ഥാനപരമായ വിഷയമൊന്നുമല്ല കാരണം. ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉൾപ്പെടെ ഇന്ന് യാക്കോബായ നേതൃത്വത്തിലുള്ള പലരും പരിപൂർണമായി യോജിച്ചു നിന്ന ആളുകളാണ്. പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ സമ്മർദ്ദങ്ങൾക്കു വഴങ്ങാത്ത ആളായിരുന്നു. 1964ൽ കാതോലിക്കാവാഴ്ചയ്ക്കു വന്നപ്പോൾ അതിനെതിരായുണ്ടായ സമ്മർദങ്ങളെ അതിജീവിച്ചാണ് പരിശുദ്ധ ഔഗേൻ ബാവായെ അദ്ദേഹം വാഴിച്ചത്. ഇപ്പോഴത്തെ പരിശുദ്ധ സക്കാ പാത്രിയർക്കീസ് ബാവാ നല്ല മനുഷ്യനാണ്.

**(7) ഇനിയൊരു യോജിപ്പ് സാധ്യമാണോ?**

സാധ്യമാകാനുള്ള സാഹചര്യം ഇപ്പോഴില്ല. പാത്രിയർക്കീസോ കാതോലിക്കായോ പറഞ്ഞാൽ മുൻകാലങ്ങളിൽ സഭ അംഗീകരിക്കുമായിരുന്നു. ഇപ്പോൾ ആ സ്ഥിതി മാറി. ജനമെല്ലാം ഒരുമിച്ച് സമാധാനത്തിനും ഐക്യത്തിനും വേണ്ടി രംഗത്തു വരാനുള്ള സാഹചര്യവുമില്ല. വ്യക്തി താൽപര്യം മാറ്റി സഭയ്ക്കുവേണ്ടി നിൽക്കുന്ന നേതാക്കന്മാരുമില്ല. സഭയിൽ ദൈവം പ്രവർത്തിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

**(8) യോജിപ്പിന് 1958നെ അപേക്ഷിച്ചുള്ള അനുകൂലവും പ്രതികൂലവുമായ സാഹചര്യമെന്ത്?**

http://www.malankaraorthodox.tv/

നേരത്തെ പറഞ്ഞല്ലോ. ആജ്ഞാശക്തിയുള്ള നേതൃത്വമില്ല. ഇന്നുള്ളവർക്ക് വ്യക്തി താൽപര്യങ്ങൾ മാത്രം. ഇരു കൂട്ടത്തിലും ഭൂരിപക്ഷം വിശ്വാസികളും സമാധാനവും ഐക്യവും ആഗ്രഹിക്കുന്നവരാണെങ്കിലും അവർക്ക് സംഘടിക്കാൻ കഴിയുന്നില്ല. ചെറിയ ഒരു ഗ്രൂപ്പിന്റെ കൈയിലാണ് സഭാഭരണം. അവർക്ക് അതുകൊണ്ട് നേട്ടങ്ങളുണ്ട്. അവർ ഒരിക്കലും യോജിക്കാൻ സമ്മതിക്കുകയില്ല.

**(9) എങ്കിലും സഭയിൽ യോജിപ്പുണ്ടാകുകയല്ലേ നല്ലത് ? സമാധാനത്തിനുള്ള മാർഗം ഐക്യമാണോ വിഭജനമാണോ?**

തീർച്ചയായും യോജിപ്പാണ് നല്ല മാർഗം. വിഭജനം വീണ്ടും വിഭജനത്തിലേക്കു നയിക്കാം. എന്റെ അഭിപ്രായത്തിൽ ഇനിയുമൊരു സമാധാനമുണ്ടാകണമെങ്കിൽ മേലദ്ധ്യക്ഷന്മാരെ അവഗണിക്കാതെ ജനങ്ങൾ തന്നെ മുൻകൈ എടുക്കണം. ഈ മുന്നേറ്റമുണ്ടായാൽ കാല ക്രമത്തിൽ പൂർണ യോജിപ്പ് കൈവരിക്കാൻ സാധിക്കും.

**(10) അച്ചന്റെ പള്ളിയിലെ സ്ഥിതി ഇതിനൊരു ഉദാഹരണമല്ലേ ?**

എന്റെ പള്ളിയിൽ ജനങ്ങൾക്ക് ബാവാ–മെത്രാൻ കക്ഷി പ്രശ്നമില്ല. അവിടെ ഇരുകക്ഷി കളിലെയും അച്ചന്മാരെ ഒരുപോലെ സ്വീകരിക്കും. തിരുമേനിമാർ വന്നാലും സ്വീകരിക്കും. സഭ രണ്ടാണെന്നുള്ള വിചാരമേയില്ല. എന്റെ പള്ളിയിൽ വരുന്ന ഓർത്തഡോക്സ് അച്ച ന്മാരെ കൂദാശകൾക്ക് പ്രധാനകാർമികത്വം വഹിക്കാൻ അവസരം കൊടുക്കുന്നതിന് എനിക്ക് യാതൊരു പ്രയാസവുമില്ല. ജനം അത് അംഗീകരിക്കുന്നു. സഭ മുഴുവനായി ആ വിധത്തിൽ വിശ്വാസികളെ ഒരുക്കണം. അതായത് അന്തരീക്ഷം പരുവപ്പെടുത്തണം. ഇപ്പോൾ അതി നുള്ള സാഹചര്യമായിട്ടില്ല. ഇക്കാര്യത്തിനു കുറച്ചു ക്ഷമയും സഹനവും വേണം.

**(11) ഇതിന് എതിർപ്പുകളും വിമർശനങ്ങളും നേരിടേണ്ടി വന്നിട്ടില്ലേ?**

ഞാൻ തുടക്കം മുതലേ സമാധാനത്തിനു വേണ്ടി നിൽക്കുന്ന ആളാണ്. ചില്ലറ വിമർശന ങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഞാൻ അന്ത്യോഖ്യാ സിംഹാസനത്തിന്റെ യഥാർത്ഥ ഭക്ത നാണ്. ചെറുപ്പത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവാ യുടെ മടിയിൽ ഇരുന്ന് അനുഗ്രഹം പ്രാപിച്ചിട്ടുള്ള വ്യക്തിയാണ് ഞാൻ.

*(സ്ഥലപരിമിതി മൂലം, രണ്ടു മണിക്കൂർ ദൈർഘ്യമുള്ള അഭിമുഖത്തിന്റെ സാരാംശം മാത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത് - എഡിറ്റർ)*

# ഫാ. വി. എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ

മലങ്കര സുറിയാനി സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിവരുന്ന വൈദികശ്രേഷ്ഠനാണ് കല്ലൂപ്പറമ്പിൽ ഫാ. വി. എം. ഗീവർഗീസ്. അറിവും അനുഭവസമ്പ ത്തുമുള്ള ഈ ആചാര്യശ്രേഷ്ഠൻ കോട്ടയം പള്ളം എടത്തുംപടിക്കൽ കുടുംബത്തിലെ കല്ലൂപ്പറമ്പിൽ ശാഖയിൽ പ്രശസ്ത വ്യവസായിയും പ്ലാന്ററുമായിരുന്ന വി. ഐ. മാത്തന്റെയും തിരുവാർപ്പ് കാഞ്ഞിരത്തിൽ ശോശാമ്മയുടെയും മകനായി 1924 ഓഗസ്റ്റ് 15നു ജനിച്ചു.

ഏഴു വയസു മാത്രം ഉള്ളപ്പോൾ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ മ്സംമ്രോനോ പട്ടം (1932 ജനുവരി 17) നൽകി. മിഖായേൽ മാർ ദിവ ന്നാസിയോസ് മെത്രാപ്പോലീത്താ കോറൂയോ (1935 മേയ് 6) യൗഫ്പദിയക്കിനോ, ശംശോ നോ (1949 ഡിസംബർ 23), കശീശാ (1949 ഡിസംബർ 25) പട്ടങ്ങൾ നൽകി.

പള്ളം സി.എം.എസ്. സ്കൂൾ, ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ, കോട്ടയം സി. എം. എസ്. കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം; ഫിലോസഫിയിൽ എം.എ. ബിരുദം കരസ്ഥ മാക്കി.

http://www.malankaraorthodox.tv/

കോട്ടയം സി. എം. എസ്. കോളേജിൽ ഒൻപതു വർഷം അധ്യാപകനായിരുന്ന അദ്ദേഹം കോതമംഗലം മാർ അത്തനേഷ്യസ് കോളജിൽ ആറു വർഷവും മാർ അത്തനേഷ്യസ് എഞ്ചിനിയറിംഗ് കോളജിൽ രണ്ടു വർഷവും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിൽ ഏഴു വർഷവും പ്രിൻസിപ്പലായിരുന്നു. ശിഷ്യസമ്പത്തുകൊണ്ട് അനുഗൃഹീതനായ കല്ലൂപ്പറമ്പിൽ അച്ചൻ കോട്ടയം ബസേലിയോസ് കോളജിന്റെ ആദ്യകാല സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. പിതാവിന്റെ പേരിലുള്ള കോട്ടയം മൂലവട്ടം വി. ഐ. മാത്തൻസ് ഹൈസ്കൂളിന്റെ ഉടമസ്ഥാവകാശം 37 വർഷങ്ങൾക്കുശേഷം അച്ചൻ കൈവിടുകയായിരുന്നു.

യാക്കോബായ വിഭാഗത്തിന്റെ വൈദിക ട്രസ്റ്റിയായി 1957 ജൂൺ 21ന് 32-ാം വയസിൽ തിരഞ്ഞെടുക്കപ്പെട്ടത് അച്ചന്റെ വ്യക്തിപ്രഭാവത്തിനും നേതൃത്വത്തിനും ലഭിച്ച അംഗീകാരമായിരുന്നു. 1958ൽ മലങ്കര സഭാ യോജിപ്പിനു വേണ്ടി മുൻനിരയിൽ പ്രവർത്തിച്ചു. പള്ളം മാർ ഇഗ്നാത്തിയോസ്, കരിങ്കുളം സെന്റ് ജോർജ് എന്നീ പള്ളികളുടെ വികാരിയാണ്. പരുമലയിൽ 2002 മാർച്ച് 20നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രൈബ്യൂണൽ അംഗമായി പ്രവർത്തിച്ചു. പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മാർ സേവേറിയോസ് മെഡലും (1964) പരിശുദ്ധ ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവ കുരിശുമാലയും (2011) സമ്മാനിച്ച് ആദരിച്ചു.

സെഷൻസ് ജഡ്ജിയായിരുന്ന കോട്ടയം കന്നുകുഴിയിൽ കെ. കെ. തോമസിന്റെ മകൾ സൂസൻ (വൈവി) ആണു ഭാര്യ. ഏക മകൻ ജോർജ് മാത്തൻ വ്യവസായിയാണ്.

*(ജോർജിയൻ മിറർ, മെയ് 2011 ലക്കത്തിൽ നിന്നും)*

http://www.malankaraorthodox.tv/